LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പിഴല വാട്ടർ ടാങ്കിന്റെ പൈപ്പൽ ഫൗണ്ടേഷന്റെ പണി കരാറുകാരൻ പൂർത്തീകരിച്ചു. ജിഡ ഫണ്ട് ഉപയോഗിച്ച് കടമക്കുടിയിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതിക്ക് 1688 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്നത്. എന്നാൽ പദ്ധതി നടന്നുകൊണ്ടിരിക്കെ ചെലവ് ഈ തുകയേക്കാൾ കൂടുതലാകുമെന്നതിനാൽ 3100 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുവാൻ കഴിയുന്നതാണ്.

പുത്തൂർ കുടിവെള്ള പദ്ധതി

240(2709) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കരിവെള്ളൂർ-വെരളം ഗ്രാമപഞ്ചായത്തുകളിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുത്തൂർ കുടിവെള്ള പദ്ധതിയുടെ ഉപരിതല സംഭരണിയുടെ 80 ശതമാനവും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 90 ശതമാനവും പൂർത്തിയായി. പ്രസ്തുത പദ്ധതിയുടെ കിണർ പട്ടേൽ വയൽ കോഴിത്താർ പാടശേഖരത്തിലാണ്. ആയതിനാൽ പാടശേഖരത്തിലെ കൊയ്ത്ത് കഴിഞ്ഞ് വെള്ളം താഴ്ത്തിയതിനുശേഷം മാത്രമേ കിണറിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരി മാസത്തോടുകൂടി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്.